കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

നമ്പർ: CEI/2099/2025-M3 തീയതി: 18-06-2026

## അറിയിപ്പ്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിങ് ബോർഡ് നടത്തുന്ന ഇലക്ട്രിക്കൽ സൂപ്പർവൈസർ ഗ്രേഡ് 'ബി' ഇന്റർവ്യൂവിനായി 2024 ജൂലൈ മുതൽ 2025 ജൂൺ (01/07/2024-30/06/2025) വരെ അപേക്ഷ സമർപ്പിച്ചവരിൽ യോഗ്യരായ ശേഷിക്കുന്ന അപേക്ഷകർക്കുള്ള അഭിമുഖം **2026 ജൂലൈ 15, 16, 17, 28, 29** തീയതികളിൽ രാവിലെ **10 മണി മുതൽ 5 മണി വരെ** തിരുവനന്തപുരം ഗവ: എഞ്ചിനീയറിങ് കോളേജിന് സമീപമുള്ള വകുപ്പിന്റെ **മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറിയിൽ** വച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. അപേക്ഷകർക്ക് തങ്ങളുടെ സംരക്ഷ പ്രൊഫൈലിൽ നിന്നും **01/07/2026** തീയതി മുതൽ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അഭിമുഖത്തിന് യോഗ്യരായവരുടെ പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് **01/07/2026** തീയതിയിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഹാൾടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്ത പക്ഷം ലൈസൻസിങ് ബോർഡുമായി ബന്ധപ്പെടേണ്ടതാണ്. സൂപ്പർവൈസർ ഗ്രേഡ് 'ബി' ഇന്റർവ്യൂ അപേക്ഷയോടൊപ്പം സംരക്ഷ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള എല്ലാ പ്രമാണങ്ങളുടെയും ഒറിജിനൽ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്. നിശ്ചിത തീയതികളിൽ ഇന്റർവ്യൂവിൽ പങ്കെടുക്കാത്ത അപേക്ഷകർക്ക് വീണ്ടും അവസരം നൽകുന്നതല്ല. സൂപ്പർവൈസർ ഇന്റർവ്യൂ നടപടിക്രമം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വെബ്സൈറ്റ് : https://dei.kerala.gov.in
സംരക്ഷ : https://samraksha.ceikerala.gov.in
KSELB Phone No : 0471 2339233

Digitally signed by
K P Jyothish
Date: 18-06-2026
12:19:38

**സെക്രട്ടറി**
**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിങ് ബോർഡ്**